പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

ബുള്ളറ്റിൻ – ഭാഗം 2

2026 ജനുവരി 21

നമ്പർ: 695

**ശ്രീ. ഡി.കെ. മുരളി, എം.എൽ.എ. സമർപ്പിച്ച നോട്ടീസ് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്യുന്നത് സംബന്ധിച്ച്**

സ്ത്രീകൾക്കെതിരായുള്ള ഗുരുതര സ്വഭാവത്തിലുള്ള കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ശ്രീ രാഹുൽ മാങ്കൂട്ടത്തിൽ, എം.എൽ.എ.യ്ക്ക് എതിരെ നിയമനടപടികൾ ആരംഭിച്ചിട്ടുള്ളതും അദ്ദേഹം നിലവിൽ പോലീസ് കസ്റ്റഡിയിലാണെന്നും കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടങ്ങളിലെ 45 മുതൽ 50 വരെയുള്ള ചട്ടങ്ങൾ അദ്ദേഹം ലംഘിക്കുകയും അതിലൂടെ നിയമസഭാംഗം എന്ന നിലയിൽ സഭയുടെ അന്തസ്സിന് കളങ്കം വരുത്തുകയും ചെയ്തിരിക്കുകയാണെന്നും അതിനാൽ ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, എം.എൽ.എ. യ്ക്കെതിരെ പെരുമാറ്റ ചട്ടലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. ഡി. കെ. മുരളി എം.എൽ.എ. സമർപ്പിച്ച പരാതി കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടത്തിലെ ചട്ടം 52 അനുസരിച്ച് പരിശോധനയ്ക്കും അതിന്മേലുള്ള റിപ്പോർട്ടിനും വേണ്ടി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് ബഹു. സ്പീക്കർ, 20.01.2026-ന് റഫർ ചെയ്തിരിക്കുന്നു.

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി.